REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 14-01-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- 'മിഷൻ മൗസം' പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ കാലാവസ്ഥ, സ്മാർട്ടും ഭാവി സജ്ജവുമാക്കുന്നതിനാണ് മിഷൻ മൗസം ആരംഭിച്ചിരിക്കുന്നതെന്ന് പ്രധാനമന്ത്രി.
- വയനാട് ഉരുൾപൊട്ടലിൽ കാണാതായവരുടെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് ശുപാർശ സമർപ്പിക്കാൻ രണ്ട് സമിതികൾ രൂപീകരിച്ചു.
- മകരജ്യോതി ദർശനത്തിനായി ശബരിമലയിൽ ഭക്ത ജനലക്ഷങ്ങൾ. ഹരിവരാസനം പുരസ്കാരം കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക് സമ്മാനിച്ചു.
- വൈദഗ്ധ്യം, അറിവ്, ഗവേഷണം, നവീകരണം എന്നിവയിൽ ഊന്നി ജനാധിഷ്ഠിത വിജ്ഞാന സമൂഹമായി മാറുന്നതിനാണ് സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ISL ഫുട്ബാളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഗോവ പോരാട്ടം.

## വാർത്തകൾ വിശദമായി

കൃത്യമായ കാലാവസ്ഥാ നിരീക്ഷണവും പ്രവചനവും സാധ്യമാക്കുന്ന 'മിഷൻ മൗസം' പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ 150-ാം സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി ഭാരതമണ്ഡപത്തിൽ സംഘടിപ്പിച്ച പരിപാടിയിലാണ് മിഷൻ മൗസം പ്രധാനമന്ത്രി നാടിന് സമർപ്പിച്ചത്.

രാജ്യത്തിന്റെ കാലാവസ്ഥ സ്മാർട്ടും ഭാവി സജ്ജവുമാക്കുന്നതിനാണ് മിഷൻ മൗസം ആരംഭിച്ചിരിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. സുസ്ഥിരമായ ഭാവിക്കും ഭാവി സന്നദ്ധതയ്ക്കും വേണ്ടി രാജ്യത്തിന്റെ പ്രതിബദ്ധതയുടെ പ്രതീകം കൂടിയാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ 150 വർഷത്തെ യാത്രയെ അഭിനന്ദിച്ച പ്രധാനമന്ത്രി, രാജ്യത്തെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ മഹത്തായ യാത്ര കൂടിയാണിതെന്ന് അഭിപ്രായപ്പെട്ടു. IMD യുടെ 150 വർഷം പ്രമാണിച്ച് സ്മാരക നാണയം പ്രധാനമന്ത്രി പ്രകാശനം ചെയ്തു.

✪✪✪

കാലാവസ്ഥ വകുപ്പിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ കാലാവസ്ഥാ ഉപകരണങ്ങളുടെ പ്രദർശനം ആരംഭിച്ചു. എയറോനോട്ടിക്കൽ മെറ്റീരിയോളജിക്കൽ സ്റ്റേഷൻ ആണ് പ്രദർശനം സംഘടിപ്പിക്കുന്നത്. വൈകിട്ട് അഞ്ച് വരെ വിമാനത്താവളത്തിന്റെ ഡിപ്പാർച്ചർ ടെർമിനലിന്റെ ഫോർകോർട്ടിലാണ് പ്രദർശനം.

✪✪✪

വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ കാണാതായവരുടെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് ശുപാർശ സമർപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് രണ്ട് സമിതികൾ രൂപീകരിച്ചു. വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവർ അംഗങ്ങളായ പ്രാദേശിക തല സമിതിയും, ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ ദുരന്ത നിവാരണ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ ഭരണ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുൾപ്പെട്ട സംസ്ഥാനസമിതിയുമാണ് രൂപീകരിച്ചത്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

കാണാതായവരെ മരണപ്പെട്ടവരായി കണക്കാക്കുന്നതിന്, ഉരുൾപൊട്ടലിൽ കാണാതായവരായി രജിസ്റ്റർ ചെയ്ത FIR വിശദാംശങ്ങൾ പൊലീസ് സ്റ്റേഷനിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിക്കണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചു. ഈ FIR പരിശോധിച്ച് പ്രത്യേക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി വ്യക്തിയെ

കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് വ്യക്തമായി രേഖപ്പെടുത്തിയതിന് ശേഷമായിരിക്കും ധനസഹായം അനുവദിക്കുക. ഇതിനായാണ് പ്രാദേശിക തല സമിതി രൂപീകരിച്ചത്.

സമിതി പട്ടിക ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് സമർപ്പിക്കും. അതോറിറ്റി സംസ്ഥാനതല സമിതിക്ക് കൈമാറുന്ന പട്ടിക സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ഗവൺമെന്റിന് സമർപ്പിക്കണം. കാണാതായവരെ മരണപ്പെട്ടവരായി കണക്കാക്കി അടുത്ത ബന്ധുക്കൾക്ക് ധനസഹായം അനുവദിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവിൽ പറയുന്നു.

കാണാതായ വ്യക്തിയെ സംബന്ധിച്ച് തഹസിൽദാരോ, സബ് ഡിവിഷണൽ മജിസ്ട്രേറ്റോ വിശദമായ അന്വേഷണം നടത്തണമെന്നും ഉത്തരവിലുണ്ട്. ഇവർ നൽകുന്ന സർട്ടിഫിക്കറ്റ്, ജനന - മരണ രജിസ്ട്രാർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറാണ് മരണ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടത്.

✪✪✪

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊങ്കൽ, മകരസംക്രാന്തി, ബിഹു, ഉത്തരായൻ എന്നീ വിളവെടുപ്പ് ഉത്സവം ജനങ്ങൾ ആവേശപൂർവ്വം ആഘോഷിക്കുന്നു. തമിഴ്നാട്ടിൽ ജനങ്ങൾ പൊങ്കൽ ആഘോഷത്തിന്റെ തിരക്കിലാണ്.

വടക്കൻ സംസ്ഥാനങ്ങളിൽ ശീതകാലം അവസാനിച്ച് ദൈർഘ്യമേറിയ പകലിന് തുടക്കമാകുന്ന ദിവസമാണ് മകരസംക്രാന്തി.

ഗുജറാത്തിൽ ഉത്തരായൻ, അസമിൽ ഭൊകാലി ബിഹു, പശ്ചിമബംഗാളിൽ പൗഷ സംക്രാന്തി എന്നീ പേരുകളിലാണ് ആഘോഷങ്ങൾ അറിയപ്പെടുന്നത്.

✪✪✪

മകരസംക്രാന്തി, പൊങ്കൽ, മാഗ് ബിഹു, ഉത്തരായൻ ആഘോഷവേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ആശംസ നേർന്നു. ഈ ആഘോഷങ്ങൾ എല്ലാവരുടെയും ജീവിതത്തിൽ വിജയവും സന്തോഷവും കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

**മകരജ്യോതി ദർശനത്തിനായി ശബരിമലയിൽ ഭക്ത ജനലക്ഷങ്ങൾ. രാവിലെ മകരസംക്രമ പൂജ നടന്നു. വൈകിട്ട് 6.30 നാണ് മകര ജ്യോതി ദർശനം.**

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

**.........വോയ്സ്..........**

**രാവിലെ 8.55 നും 9.11നും മധ്യേ സൂര്യൻ ദക്ഷിണായനത്തിൽ നിന്ന് ഉത്തരായനത്തിലേയ്ക്ക് മാറുന്ന സംക്രമ വേളയിൽ സന്നിധാനത്ത് മകരസംക്രമപൂജ നടന്നു. ഭക്ത സഹസ്രങ്ങൾ വൈകിട്ട് തിരുവാഭരണ വിഭൂഷിതനായ അയ്യപ്പസ്വാമിയേയും പൊന്നമ്പലമേട്ടിൽ തെളിയുന്ന മകരജ്യോതിയും മകര നക്ഷത്രവുമെല്ലാം കണ്ട് തൊഴാനായുള്ള മണിക്കൂറുകൾ എണ്ണിയുള്ള കാത്തിരിപ്പിലാണ്. സന്നിധാനത്തും മകരവിളക്ക് ദർശനത്തിന് ഭക്തർ എത്തുന്ന മറ്റ് വ്യൂ പോയന്റുകളിലുമെല്ലാം തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സുരക്ഷക്കും വിപുലമായ ക്രമീകരണങ്ങൾ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വൈകിട്ട് 5.30ന് ശരംകുത്തിയിലെത്തുന്ന തിരുവാഭരണ ഘോഷയാത്രയ്ക്ക് ദേവസ്വം ബോർഡ് സ്വീകരണം നൽകും. തുടർന്ന് 6.30 ന് മുൻപ് സന്നിധാനത്തെത്തും. സോപാനത്ത് മേൽശാന്തിയുടെ നേതൃത്വത്തിൽ തിരുവാഭരണങ്ങൾ ഏറ്റുവാങ്ങി ശ്രീകോവിലിലേക്ക് കൊണ്ടു പോകും. തുടർന്ന് തിരുവാഭരണങ്ങൾ അയ്യപ്പവിഗ്രഹത്തിൽ ചാർത്തിയുള്ള ദീപാരാധന നടക്കും. ഈ സമയം ആകാശത്ത് മകര നക്ഷത്രം ഉദിക്കുകയും പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിയുകയും ചെയ്യും.**

**✪✪✪**

**സംസ്ഥാന ഗവൺമെന്റിന്റെ ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം ഗാനരചയിതാവും സംഗീത സംവിധായകനുമായ കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക് സന്നിധാനത്തു നടന്ന ചടങ്ങിൽ മന്ത്രി V.N വാസവൻ സമ്മാനിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങിയതാണ് പുരസ്കാരം.**

**✪✪✪**

**തമിഴ് സംസ്കാരവുമായി ഇഴുകി ചേർന്ന് കിടക്കുന്ന പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിലെ ഗ്രാമങ്ങൾ പൊങ്കൽ ആഘോഷത്തിന്റെ നിറവിലാണ്.**

ആകാശവാണി പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.

....(വോയ്സ്).....

കാപ്പ് കെട്ടൽ ചടങ്ങുകളോടെയാണ് പാലക്കാട് ജില്ലയുടെ അതിർത്തി ഗ്രാമങ്ങളിൽ ഇന്നലെ പൊങ്കലിനെ വരവേറ്റത്.ഇന്ന് വീടുകൾ തൈപ്പൊങ്കൽ ആഘോഷങ്ങളുടെ ആരവത്തിലാണ്. രാവിലെ വീട്ടമ്മമാർ വീട്ടുമുറ്റത്ത് പ്രതേക അലങ്കാരങ്ങളോടെ ഒരുക്കിയ അടുപ്പുകളിൽ പൊങ്കൽ വച്ച് നിവേദിച്ചു. നാളെ മാട്ടുപ്പൊങ്കൽ ആഘോഷിക്കും.

കന്നുകാലികളെ കുളിപ്പിച്ച് വർണ്ണങ്ങൾ പൂശിയും പൂമാലകൾ അണിയിച്ചും പൂജിക്കുന്ന ചടങ്ങാണ് നാളെ നടക്കുക.മൂന്നാം ദിവസത്തെ പൂപൊങ്കൽ സ്ത്രീകൾ പാട്ടുപാടിയും കുമ്മിയടിച്ചും ആഘോഷമാക്കും. നാലാം ദിവസം കാണം പൊങ്കൽ ദിനത്തിൽ ബന്ധുക്കളും സുഹൃത്തുക്കളും പരസ്പരം കണ്ട് ആശംസകൾ കൈമാറുന്നതോടെ പൊങ്കൽ ആഘോഷങ്ങൾക്ക് സമാപനമാകും.

✪✪✪

വൈദഗ്ധ്യം, അറിവ്, ഗവേഷണം, നവീകരണം എന്നിവയിൽ ഊന്നി ജനാധിഷ്ഠിത വിജ്ഞാന സമൂഹമായി മാറുന്നതിനാണ് സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ ഹയർ എജുക്കേഷൻ വകുപ്പ് സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ കോൺക്ളേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തിന്റെ പുരോഗതിക്ക് പൊതുവിദ്യാഭ്യാസ സമ്പ്രദായം വലിയ സംഭാവനയാണ് നൽകിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഗവേഷണവും, പുതിയ കണ്ടുപിടിത്തങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ മേഖലകളിൽ ഗവേഷണ കേന്ദ്രങ്ങൾ സംസ്ഥാന ഗവൺമെൻറ് മുൻകൈയെടുത്ത് സ്ഥാപിച്ചു വരികയാണ്. പ്രവാസികളായ അക്കാദമിക് വിദഗ്ധരുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരുംകാലങ്ങളിൽ കൊണ്ടുവരേണ്ട മാറ്റങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഉണ്ടാക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കുമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ഇരിക്കൂർ നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അഗ്രി ഫെസ്റ്റ് കർഷക സംഗമത്തിന് ആലക്കോട് തുടക്കമായി.

മൂന്നു ദിവസത്തെ മേളയുടെ വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്)......

മണ്ഡലത്തിലെ കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ അടുത്തറിയാനും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനുമായി സജീവ് ജോസഫ് എം.എൽ.എ.യുടെ നേതൃത്വത്തിലാണ് അഗ്രി ഫെസ്റ്റ് നടത്തുന്നത്. കാർഷിക പ്രദർശനത്തിന്റെ ഉദ്ഘാടനം പി.സന്തോഷ് കുമാർ എം.പി നിർവഹിച്ചു. തുടർന്ന് വിവിധ വിഷയങ്ങളിൽ സെമിനാർ ആരംഭിച്ചു. സണ്ണി ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. യുവജനങ്ങളും കാർഷിക രംഗത്തെ സാധ്യതകളും,ക്ഷീര മേഖലയുടെ സുസ്ഥിര വികസനം,നാണ്യവിളകളുടെ പുനരുദ്ധാരണ സാധ്യതകൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസെടുക്കുന്നുണ്ട്. വിവിധ കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്.

✪✪✪

ISL ഫുട്ബാളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഗോവയെ നേരിടും. ഗോഹട്ടിയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ വൈകീട്ട് 7.30-നാണ് മത്സരം.

ഇന്നലെ കൊച്ചിയിൽ കേരള ബ്ലാസ്റ്റേഴ്സ്, ഒഡിഷ FCയെ തോൽപ്പിച്ചു. രണ്ടിനെതിരെ മൂന്ന് ഗോളിനാണ് കേരളത്തിന്റെ വിജയം.

✪✪✪

നടി ഹണി റോസിനെതിരെ ലൈംഗികാധിക്ഷേപം നടത്തിയ ബിസിനസുകാരൻ ബോബി ചെമ്മണ്ണൂരിന്റെ ജാമ്യാപേക്ഷയിൽ ഹൈക്കോടതി ഉച്ച കഴിഞ്ഞ് വിധി പറയും. ബോബി ചെമ്മണ്ണൂർ പലപ്പോഴും ഈ രീതിയിൽ പരാമർശങ്ങൾ നടത്തിയിട്ടുണ്ടെന്നും, അയാൾക്ക് എതിരായ നടപടി സമൂഹത്തിന് പാഠമാകണമെന്നും ഗവൺമെൻറ് ഹൈക്കോടതിയിൽ പറഞ്ഞു.

ബോബി ചെമ്മണ്ണൂർ നടത്തിയ പരാമർശവുമായി ബന്ധപ്പെട്ട വീഡിയോ ദൃശ്യങ്ങൾ ഹൈക്കോടതി പരിശോധിച്ചു. ജാമ്യ ഹർജിയിലെ ചില

**പരാമർശങ്ങൾ വീണ്ടും നടിയെ അധിക്ഷേപിക്കുന്നത് ആണെന്നും കോടതി പറഞ്ഞു.**

✪✪✪

**പത്തനംതിട്ടയിൽ പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ 44 പ്രതികൾ അറസ്റ്റിലായെന്ന് അന്വേഷണ ചുമതല വഹിക്കുന്ന DIG അജിതാ ബീഗ അറിയിച്ചു. 14 പ്രതികൾ ഇനി പിടിയിലാകാനുണ്ടെന്നും, വിദേശത്തേക്ക് കടന്ന രണ്ടു പ്രതികൾക്കായി റെഡ് കോർണർ നോട്ടീസ് ഇറക്കുമെന്നും DIG മാധ്യമങ്ങളോട് പറഞ്ഞു.**

✪✪✪

**കണ്ണൂർ രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കയ്റോസിന്റെ രജത ജൂബിലി ആഘോഷം ശനിയാഴ്ച പിലാത്തറയിൽ ഗോവ ഗവർണർ പി.എസ്.ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യുമെന്ന് രൂപത വികാരി ജനറൽ റവ.ഡോ. ക്ലാരൻസ് പാലിയത്ത് കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.**

**കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ' നിയമ സഭാ സ്പീക്കർ എ.എൻ. ഷംസീർ,  എന്നിവർ പങ്കെടുക്കും.**

✪✪✪

---

*News Editor: സുരേഷ് വി കെ*
*Standby: ഹക്കീം കൂട്ടായി*
*Casual News Reader: സബിത ആനന്ദ്*
*DEO: ഷീബ*